# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 716 — 16.07.2012 ൽ -മറുപടിക്ക്

## എ.എ.വൈ. പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | പ്രൊഫ. സി. രവീന്ദ്രനാഥ്<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. എം. ഹംസ<br>,, കെ. ദാസൻ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | എ.എ.വൈ.പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്രസർക്കാർ 2000-ൽ ആരംഭിച്ച അന്ത്യോദയ അന്നയോജന (എ.എ.വൈ.) പദ്ധതിക്ക് ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുക, എല്ലാവരേയും വിശപ്പിൽനിന്ന് വിമുക്തമാക്കുക, ഏറ്റവും പാവപ്പെട്ടവർക്ക് പ്രയോജനം ലഭിക്കത്തക്കവിധം പൊതുവിതരണ സംവിധാനം മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളാണുള്ളത്. |
| (ബി) | സംസ്ഥാനത്ത് എവിടെയെല്ലാം ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്; | (ബി) | സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതിയുടെ ആനുകൂല്യം നൽകി വരുന്നു. |
| (സി) | വയനാട്ടിലെ പ്രാചീന ആദിവാസി കുടുംബങ്ങളെ എ.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന് ഒരു വർഷത്തെ കർമ്മപരിപാടിയിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; | (സി) | വയനാട് പോലുള്ള പിന്നോക്ക ജില്ലകളിലെ പ്രാചീന (പ്രാക്തന) ഗോത്രവർഗ്ഗ കുടുംബങ്ങളെ എ.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തും എന്ന് സർക്കാരിന്റെ ഒരു വർഷ കർമ്മ പരിപാടിയിൽ പ്രഖ്യാപിച്ചിരുന്നു. |
| (ഡി) | എങ്കിൽ ഇത് എത്ര കുടുംബങ്ങൾക്ക് ഇതിന്റെ ഗുണം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | (ഡി) | വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിലായി 1579 പ്രാക്തന ഗോത്ര വർഗ്ഗ കുടുംബങ്ങളെ എ.എ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ